പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

1.7.2014-ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ.5436

<u>പൊതുമേഖലാ സ്ഥാപനങ്ങളുടെ വികസനം</u>

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എ.എ.അസീസ്<br>ശ്രീ.കോവൂർ കുഞ്ഞുമോൻ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) പൊതുമേഖലാ സ്ഥാപനങ്ങളുടെ വികസനത്തിനായി സംസ്ഥാന സർക്കാർ എത്ര രൂപയാണ് നീക്കി വച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കശുവണ്ടി മേഖല ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ വികസനത്തിനായി 563.68 കോടി രൂപ ഇതേവരെ കമ്പനികൾക്ക് നൽകിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം 100 കോടി രൂപയുടെ വികസന പദ്ധതികളാണ് പൊതുമേഖലാ സ്ഥാപനങ്ങളിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. |
| (ബി) എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് ലക്ഷ്യമിടുന്നതെന്ന് വിശദമാക്കുമോ; | (ബി) വ്യവസായവകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തി കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള ദീർഘവീക്ഷണത്തോടെയുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്. ഇതനുസരിച്ച് സ്ഥാപനങ്ങളുടെ ഉൽപ്പാദന സൗകര്യങ്ങൾ വിപുലീകരിക്കുകയും, ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണം, വിപണന മേഖല ശക്തിപ്പെടുത്തുക എന്നിവയും ചെയ്തുവരുന്നു. നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ ശക്തിപ്പെടുത്തി ലാഭകരമാക്കുന്നതിനായി ദീർഘ/ഹ്രസ്വകാല പദ്ധതികൾ ആവിഷ്കരിച്ച് സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കി വരികയാണ്. |

| | |
|---|---|
| (സി) അടിയന്തിര പുനരുദ്ധാരണം ആവശ്യമായ ഏതൊക്കെ പൊതുമേഖലാ സ്ഥാപനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ? | (സി) പ്രധാനമായും താഴെ പറയുന്ന സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>1. Kerala Electrical & Allied Engineering Company Limited.<br>2. United Electrical Industries Limited<br>3. SAIL-SCL Kerala Limited<br>4. The Kerala Ceramics Limited<br>5. Traco Cable Company Limited<br>6. Kerala State Drugs & Pharmaceuticals Limited<br>7. The Metal Industries Limited<br>8. The Travancore Cements Limited<br>9. Keltron Component Complex Limited |

സെക്ഷൻ ഓഫീസർ